(ഡി) ക്രൈം ഡിറ്റാച്ച്മെന്റ് സെൽ ഇപ്പോൾ നിലവിലില്ല. പ്രസ്തുത വിഭാഗത്തിനെ ജി.ഒ. (എംഎസ്.) നമ്പർ 124/2014/ആഭ്യന്തരം തീയതി 17-6-2014 പ്രകാരം ജില്ലാ ക്രൈംബ്രാഞ്ചായി മാറ്റിയിട്ടുണ്ട്.

(ഇ) സംസ്ഥാന ക്രൈംബ്രാഞ്ച് കഴിഞ്ഞ 5 വർഷത്തിനിടെ ഏറ്റെടുത്ത കേസ്സുകൾ 2858 ആണ്. ഇതിൽ അന്വേഷണം പൂർത്തിയാക്കിയ കേസ്സുകൾ 1280 ആണ്. ഇതിൽ 25 കേസ്സുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരിച്ച ശേഷം 788 കേസ്സുകൾ ഏറ്റെടുക്കുകയും 115 കേസുകൾ അന്വേഷണം പൂർത്തിയാക്കുകയും ഈ കേസ്സുകൾ കോടതിയിൽ വിചാരണയിലുമാണ്. പ്രസ്തുത കേസ്സുകളിൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല.

കേരളാ ഹൗസിലെ പോലീസ് പരിശോധന

240 (248) ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഡെൽഹിയിലുള്ള ഔദ്യോഗിക അതിഥി മന്ദിരത്തിൽ നിയമം ലംഘിച്ച് പോലീസ് കടന്നു കയറുകയുണ്ടായോ ;

(ബി) എങ്കിൽ സംഭവം സംബന്ധിച്ച് വിശദമാക്കാമോ ; കേരളാ ഹൗസിലെ കാന്റീനിലെ ഭക്ഷ്യവസ്തുക്കൾ ഡൽഹി പോലീസ് പരിശോധിക്കുകയുണ്ടായോ ; പ്രസ്തുത പ്രശ്നത്തിൽ പ്രതിഷേധം ഉയർന്നുവരുകയുണ്ടായോ ;

(സി) സംഭവത്തെ തുടർന്ന് യഥാസമയം ശക്തമായ നടപടി സ്വീകരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ് ;

(ഡി) സംഘപരിവാറുകാർക്ക് ഈ സംഭവത്തിലുള്ള പങ്ക് എന്തായിരുന്നു ; സംസ്ഥാന സർക്കാർ ഡൽഹിയിൽ പോലീസിന് പരാതി നൽകിയത് എപ്പോഴായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായി.

(ബി) കേരള ഹൗസിലെ സ്റ്റാഫ് കാന്റീനായ സമൃദ്ധി റസ്റ്റോറന്റിൽ ഗോമാംസം വിൽക്കപ്പെടുന്നു എന്ന തെറ്റായ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡൽഹി പോലീസ് നിയമം ലംഘിച്ച്, റസിഡന്റ് കമ്മീഷണറുടെയോ കൺട്രോളറുടെയോ അനുവാദം കൂടാതെ 26-10-2015 വൈകുന്നേരം 4 മണിക്ക് കാന്റീനിൽ പ്രവേശിക്കുകയും കാന്റീനിലെ മെനു സംബന്ധിച്ച് കൗണ്ടറിലെ ജീവനക്കാരെ ചോദ്യം ചെയ്യുകയുമുണ്ടായി. ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുകയുണ്ടായില്ല. റസിഡന്റ് കമ്മീഷണറുടെയോ കേരള ഹൗസ് കൺട്രോളറുടെയോ മുൻകൂർ അനുവാദമില്ലാതെ കാന്റീനിൽ പ്രവേശിച്ച ഡൽഹി പോലീസ് നടപടിയിൽ ശക്തമായ പ്രതിഷേധം ഉണ്ടായി.

(സി) ഈ വിഷയത്തിൽ യഥാസമയം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റസിഡന്റ് കമ്മീഷണർ യഥാസമയം സർക്കാരിന് റിപ്പോർട്ട് നൽകുകയും ഡൽഹി പോലീസ് കമ്മീഷണർക്ക് പരാതി നൽകുകയും ചെയ്തു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയേയും കേന്ദ്ര ആഭ്യന്തര മന്ത്രിയേയും ശതമാനമായി പ്രതിഷേധം അറിയിക്കുകയും കേരള ഹൗസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും സുരക്ഷ ഉറപ്പ് വരുത്തുന്നതിനും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കത്തയയ്ക്കുകയും ചെയ്തു.

(ഡി) സംഘപരിവാറുകാരുടെ പങ്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. സംസ്ഥാന സർക്കാർ ഡൽഹി പോലീസിന് പരാതി നൽകിയത് 27-10-2015-നാണ്.

ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് പദ്ധതി

241 (249) ശ്രീ. കെ. മുരളീധരൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക്' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;